

# സമ്പൂർണ്ണകൃതികൾ: ഭാഗം IX

കെ. ദാമോദരൻ



## 24. മദ്ധ്യധരണ്യാഴിയിലെ വടംവലി

## സമ്പൂർണ്ണകൃതികൾ: ഭാഗം IX

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

24 മദ്ധ്യധരണ്യാഴിയിലെ വടംവലി . . . . . . . . . . . . . 1

# 24

# മദ്ധ്യധരണ്യാഴിയിലെ വടംവലി

[1] മർദ്ദനംകൊണ്ടും സംഘടനയുടെ അഭാവം കൊണ്ടും ഇന്ത്യ അധഃപതനത്തിന്റെ വക്കുവരെ എത്തിക്കഴിഞ്ഞിരിയ്ക്കുന്നു. എങ്കിലും ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്ന് ഇന്നും അതൊരു വിലപിടിച്ച കോളണിയാണ്. ഇന്ത്യ പിടിയിൽ നിന്നു പോയാൽ ബ്രിട്ടീഷ്സാമ്രാജ്യം അധഃപതിച്ചു. അതുകൊണ്ട് ഇന്ത്യയേയും ഇന്ത്യയിലേക്കുള്ള വഴിയേയും എന്നെന്നും സുരക്ഷിതമാക്കിവെയ്ക്കുവാൻ സാമ്രാജ്യത്വം അശ്രാന്തപരിശ്രമം ചെയ്യാതിരിക്കുകയില്ല. ലോകത്തിന്റെ രാഷ്ട്രീയാന്തരീക്ഷത്തെ വളരെയധികം കലക്കിമറിച്ചേക്കാവുന്ന ഒരു പരമാർത്ഥമാണിത്.

ലണ്ടനിൽനിന്ന് ഇംഗ്ലീഷുചാനൽ വഴിയായി ബിസ്കേ ഉൾക്കടൽ, ജിബ്രാൾട്ടർ എന്നിവയിലൂടെ മധ്യധരണ്യാഴിയിൽ പ്രവേശിച്ച് മാൾട്ടാദ്വീപുകടന്ന്, സൂയസ്സുതോട്, ചെങ്കടൽ എന്നിവ വഴിയായി ഏഡൻ ഉൾക്കടലിൽ വരികയും അവിടെനിന്ന് അറബിക്കടലിലൂടെ ബോംബേയിലെത്തുകയും ചെയ്യുക.,-ഇതാണ് ബ്രിട്ടനിൽ നിന്ന് ഇന്ത്യയിലേക്കു വരുവാനുള്ള വഴി. മധ്യധരണ്യാഴിയിൽ ഉറച്ച നാവികമേധാവിത്വം കൂടാതെ ഈ വഴിയെ കാത്തു രക്ഷിക്കുക സാധ്യമല്ല.

മധ്യധരണ്യാഴിയുടെ പടിഞ്ഞാറെ പടിവാതിലാണ് ജിബ്രാൾട്ടർ. ഈ ഇടുങ്ങിയ കടലിടുക്കാണ് മധ്യധരണ്യാഴിയെ രക്ഷിയ്ക്കുവാനുള്ള ഒന്നാമത്തെ സങ്കേതം. അതുകൊണ്ടാണ് ജിബ്രാൾട്ടറിൽ ബ്രിട്ടന്റെ ശക്തികൂടിയ നാവികസൈന്യം നിലനിൽക്കുന്നത്.

മധ്യധരണ്യാഴിലൂടെ കുറച്ചുകൂടി കിഴക്കോട്ടുപോയാൽ മാൾട്ടയിലെത്തും. ഇതും ബ്രിട്ടന്റെ ഏറ്റവും ഉറപ്പുകൂടിയ ഒരു നാവികസങ്കേതമാണ്. ഇവിടെവെച്ച് ബ്രിട്ടന്റെ പഴയ കപ്പലുകൾ റിപ്പേർ ചെയ്യുകയും പുതിയ കപ്പലുകൾ തയ്യാറാക്കുകയും ചെയ്യുന്നു. മാൾട്ടയുടെ കിഴക്ക് സിറിയയുടെ അടുത്തായി സൈപ്രസ് കിടക്കുന്നു. അവിടെനിന്നു കുറച്ചുകൂടിപോയാൽ പലസ്തീനിലെത്തും. ശത്രുക്കളെ കരയോടടുപ്പിയ്ക്കാതിരിയ്ക്കുവാൻ ശ്രമിയ്ക്കുകയാണ് പലസ്തീനിലുള്ള മാൻഡേറ്റിന്റെ ഉദ്ദേശ്യം.

ഇന്ത്യയിലേയ്ക്കുള്ള വഴിയിൽ ബ്രിട്ടനെ ഏറ്റവുമധികം പേടിപ്പെടുത്തുന്നത് സൂയസ്തോടാണ്. സൂയസ്സുതോടു പോയാൽ എല്ലാം പോയി. സൂയസ്സിനെ രക്ഷിയ്ക്കണമെങ്കിൽ ഈജിപ്തിനെ വിടാതിരിയ്ക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടു മാത്രമാണ് "സ്വതന്ത്ര ഈജിപ്തിൽ" ഒരു വലിയ ബ്രിട്ടീഷുസൈന്യം കാണപ്പെടുന്നത്.

കരിങ്കടലിനെ മധ്യധരണ്യാഴിയോടു കൂട്ടിച്ചേർക്കുന്ന കടലിടുക്കും ഏറ്റവും പ്രാധാന്യമർഹിയ്ക്കുന്ന ഒന്നാണ്. ഈ "സ്റ്റേറ്റ്സി"ലാണ് കോൺസ്റ്റാൻറിനോപ്പിൾ. അതുകൊണ്ട് കോൺസ്റ്റാൻറിനോപ്പിൾ മുറുകിപ്പിടിയ്ക്കുവാൻ ബ്രിട്ടൻ ആഗ്രഹിയ്ക്കുന്നു. ബൾഗേരിയ, റൂമാനിയ എന്നീ ബാൾക്കൻ രാജ്യങ്ങൾക്ക് കടലിലെത്തണമെങ്കിൽ സ്റ്റേറ്റ്സിലൂടെ പോണം. അതിനാൽ ഈ രാജ്യങ്ങൾക്കും മധ്യധരണ്യാഴിപ്രശ്നത്തിൽ ഉത്സാഹം കടന്നുകൂടിയിട്ടുണ്ടെങ്കിൽ അത്ഭുതപ്പെടുവാനില്ല. കരിങ്കടലിന്നും കാസ്പിയന്നും ഇടയിലുള്ള എണ്ണപ്രദേശങ്ങളിലേയ്ക്ക് സ്റ്റേറ്റ്സിലൂടെ മാത്രമെ പ്രവേശിയ്ക്കുവാൻ സാധിയ്ക്കൂ. ഇതും ആലോചനാർഹമായ ഒരു കാര്യമാണ്.

ഇന്ത്യയിലേയ്ക്കുള്ള ബ്രിട്ടന്റെ വഴി ഫ്രാൻസിൽ നിന്ന് വടക്കെ ആഫ്രിക്കയിലേയ്ക്കുള്ള വഴിയിലാണ് കിടക്കുന്നത്. ഇനിയത്തെ ലോകമഹായുദ്ധത്തിന്ന് ഫ്രാൻസിന്റെ ആഫ്രിക്കൻ കോളണികളും അവിടെയുള്ള നീഗ്രോക്കാരും കുറച്ചൊന്നുമല്ല സാഹായമായിരിയ്ക്കുക. ഫ്രാൻസിന്റെ വടക്കെ ആഫ്രിക്കൻ കോളണികൾ മധ്യധരണ്യാഴിയിൽനിന്ന് സഹാറയിലൂടെ മൂവ്വായിരം നാഴിക ദൂരത്തോളം നീണ്ടുകിടക്കുന്നു. ഇതിൽ മൊറോക്കോവും കഴിഞ്ഞു മഹായുദ്ധം വരെ ജർമ്മൻകോളണിയായിരുന്നതും യുദ്ധത്തിന്നുശേഷം ഫ്രാൻസിന്നു മാൻഡേറ്റായി കിട്ടിയതുമായ കാമറൂൻ എന്ന പ്രദേശവും അടങ്ങും. ഫ്രാഞ്ചുചരക്കുകൾക്ക് ഒരുറച്ച കമ്പോളം, ഫ്രാഞ്ച് മുതലാളികളുടെ പണം "ഇൻവെസ്റ്റ്" ചെയ്യുവാൻ പറ്റിയ പ്രദേശം, യുദ്ധക്കാലത്ത് പടയാളികളെ എത്ര വേണമെങ്കിലും കിട്ടുന്ന സ്ഥലം-ഇങ്ങിനെ വടക്കെ ആഫ്രിക്കയിലെ ഫ്രഞ്ചുകോളണികൾ ഫ്രാൻസിന്ന് ഏറ്റവും വിലപ്പിടിച്ചവയാണ്. അതുകൊണ്ടാണ് അവിടെ അടുത്തകാലത്തായി ആകാശമാർഗ്ഗങ്ങളും റെയിലുകളും ധാരാളം വെട്ടിത്തുറക്കുവാനുള്ള ശ്രമങ്ങൾ നടന്നുവരുന്നത്. ഫ്രാൻസിലുണ്ടാകുന്ന ടെക്സ്റ്റൈൽ വ്യവസായത്തിന്റെ 20 ശതമാനം ഇവിടെയാണ് ചെലവാകുന്നത്. 1929-ൽ (അതിന്നുശേഷമുള്ള കണക്കുകൾ ഈ ലേഖനമെഴുതിയ ആൾക്കു കിട്ടിയിട്ടില്ല) ഫ്രഞ്ചുകോളനികളിൽനിന്നുള്ള സമ്പാദ്യം 16,000,000,000 ഫ്രാങ്കായിരുന്നു: വടക്കെ ആഫ്രിക്കൻ കോളനികളുടെ സൈന്യച്ചെലവ് 1927ന്നും 1931ന്നും ഇടയിൽ ഇരട്ടിയായിത്തീർന്നിട്ടുണ്ട് എന്ന വാസ്തവം ഈ അവസരത്തിൽ ഓർത്തുനോക്കേണ്ടതാണ്.

ഫ്രഞ്ചുമൊറോക്കോവിന്റെ പടിഞ്ഞാറെ അതിർത്തിയിൽ ഓറാൻ (ഛൗമി)തുറമുഖവും കിഴക്കു ടൂണിസ്സിൽ ബിസെർട്ട (ആശ്വല്വമേ)യും കിടക്കുന്നു. ഈ രണ്ടു തുറമുഖങ്ങളിലേയ്ക്കുള്ള വഴി സുരക്ഷിതമാക്കി വെയ്ക്കേണ്ടത് ഫ്രഞ്ചുസാമ്രാജ്യത്വത്തിന്ന് അത്യാവശ്യമാണ്.

പിന്നെ ഫ്രഞ്ചു മാൻഡേറ്റായ സിറിയ എണ്ണയ്ക്കു വളരെ ശ്രുതിപ്പെട്ടതാണ്. അവിടേയ്ക്കു പോകുവാനുള്ള വഴിയും മധ്യധരണ്യാഴിയിലൂടെയാണ്.

ഇറ്റലിയ്ക്കും മധ്യധരണ്യാഴിയിൽ പ്രാധാന്യമാവശ്യമുണ്ട്. ട്രിപോളിയിലേയ്ക്കും അൽബേനിയയിലേയ്ക്കും ടർക്കിയിലേയ്ക്കും സ്വതന്ത്രമായ ഗതാഗതസൗകര്യം വേണമെങ്കിൽ മധ്യധരണ്യാഴിയിൽ ആധിപത്യം കൂടിയേ കഴിയൂ. അതിന്നുവേണ്ടിയാണ് സിസിലിയിലും സാർഡിനിയയിലും പുതിയപുതിയ നാവികശക്തികൾ നിമ്മിച്ചു കൊണ്ടിരിയ്ക്കുവാൻവേണ്ടി ഇറ്റലി എന്തെന്നില്ലാതെ പണം ചെലവഴിയ്ക്കുന്നത്. ഫ്രാൻസിന്റെ ഓറാൻ തുറമുഖത്തെപ്പോലെതന്നെ ഇറ്റലിയുടെ സാർഡീനിയ, സിസിലി എന്നീ സ്ഥലങ്ങളും ഇന്ത്യയിലേയ്ക്കുള്ള ബ്രിട്ടീഷ്മാർഗ്ഗത്തിലാണ് കിടക്കുന്നത്. അതുകൊണ്ടു ബ്രിട്ടന്നു ഫ്രാൻസിൻറേയും ഇറ്റലിയുടേയും മധ്യധരണ്യാഴിത്തുറമുഖങ്ങളെ ഭയപ്പാടോടുകൂടി മാത്രമേ നോക്കാൻ സാധിയ്ക്കുന്നുള്ളു.

ഇറ്റലിയ്ക്കു ട്രിപ്പോളിയിലേയ്ക്കു പോകുവാനുള്ള വഴിയിലാണ് മാൾട്ട കിടക്കുന്നത്. അവിടെയുള്ള ബ്രിട്ടീഷുശക്തിയ്ക്കു വേണമെങ്കിൽ ഇറ്റലിയുടെ ആ വഴിയെ തടസ്സപ്പെടുത്തുവാൻ സാധിയ്ക്കും. അതുകൊണ്ടു ഇറ്റലിക്കാർ നിവസിയ്ക്കുന്ന മാൾട്ട ബ്രിട്ടന്റെ പിടുത്തത്തിൽ കിടക്കുന്നത് ഇറ്റലിയ്ക്കു സഹിയ്ക്കാൻ സാധിയ്ക്കുന്നില്ല.

വടക്കെ ആഫ്രിക്കയിൽ ലിബിയ(ട്രിപോളി)എറിട്രിയ, ഇറ്റാലിയൻ സോമാലിലാണ്ട്, അബിസീനിയ എന്നിവ ഇറ്റലിയുടെ കോളനികളാണ്. ഈ രാജ്യങ്ങളിലേയ്ക്കുള്ള ഗതാഗതമാർഗ്ഗങ്ങളെ സുരക്ഷിതമാക്കിവെക്കേണ്ടത് ഇറ്റലിയുടെ സാമ്രാജ്യത്വത്തിന്നാവശ്യമാണ്. എറിട്രിയയുടെ കിഴക്കായി ചെങ്കടലിന്നക്കരെ, അറബിയയിൽ കിടക്കുന്ന യെമൻ പ്രദേശത്തിന്റെ നേരേയും ഇറ്റലി കണ്ണുവെയ്ക്കാൻ തുടങ്ങിയിട്ടുണ്ട്.

ആകപ്പാടെ മധ്യധരണ്യാഴിപ്രദേശങ്ങൾ മഹാശക്തികളുടെ സാമ്രാജ്യദാഹത്തിന്റെ ഇരയായിക്കിടക്കുകയാണ്. മധ്യധരണ്യാഴിയിലെ ഒരു ചെറിയ ചലനം മതി സാമ്രാജ്യശക്തികളെ ഞെട്ടിത്തെറിപ്പിയ്ക്കുവാൻ. ഇങ്ങിനെ എല്ലാവശങ്ങളെപ്പറ്റിയും ഗൗരവമായി ആലോചിച്ചു നോക്കിയാൽ, വരാൻപോകുന്ന ലോകമഹായുദ്ധത്തിന്റെ ആദ്യത്തെ വെടി മധ്യധരണ്യാഴിയിലല്ല പൊട്ടുക എന്ന് ആർക്കെങ്കിലും പ്രവചിക്കുവാൻ സാധിയ്ക്കുമോ?

മാതൃഭൂമി ആഴ്ചപ്പതിപ്പ് 1936 ഒക്ടോബർ 19

---

1. ഈ ലേഖനം ഭൂപടത്തിന്റെ സഹായത്തോടുകൂടി വായിച്ചാൽ അധികം നന്നായിരിക്കും. —കെ. ദാമോദരൻ

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 9

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളത്തിൽ മുതലാളിത്തത്തിന്റെ ഉത്ഭവം
2. കേരളത്തിന്റെ സാമ്പത്തികഭദ്രത
3. പണമിറക്കാൻ ഗവർമ്മെണ്ട്, ലാഭം തട്ടാൻ മുതലാളി!
4. വിദ്യാഭ്യാസത്തിന്റെ നേരെ
5. രണ്ടു കൊല്ലങ്ങൾ
6. ഇടപെടൽ
7. പതിനൊന്നാംവകുപ്പും സംവരണവും
8. പുതിയ മന്ത്രിസഭ
9. കമ്യൂണിസ്റ്റ് വിരുദ്ധശക്തികളുടെ കൂട്ടുകെട്ട് വിജയിക്കുകയില്ല
10. കർഷകസമരം
11. സാമുദായിക ലഹളകളുടെ പാഠം
12. ഗോവ വിമോചനം—അഭിനന്ദനങ്ങൾ!
13. ഇന്ത്യയും സോഷ്യലിസവും
14. പുതിയ ലോകത്തിൽ പുതിയ ഇന്ത്യ
15. കോൺഗ്രസ്സിന്റെ സോഷ്യലിസം
16. സോഷ്യലിസത്തിലേയ്ക്കുള്ള വ്യത്യസ്തമാർഗ്ഗങ്ങൾ
17. സോഷ്യലിസത്തിലേയ്ക്കുള്ള ഇന്ത്യയുടെ മാർഗ്ഗം
18. കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിജയം
19. സാമ്പത്തിക സ്വാതന്ത്ര്യത്തിലൂടെ സോഷ്യലിസത്തിലേക്ക്
20. യൂട്ടോപ്യ
21. ഫാസിസം
22. ഫ്രഞ്ചു വിപ്ലവം
23. സോവിയറ്റ് ചൈന
24. മദ്ധ്യധരണ്യാഴിയിലെ വടംവലി
25. ജയിലിന്റെ മനശ്ശാസ്ത്രം


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014